29

1B2M20086 (Pages :1) Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Malayalam Degree Examination, March/April 2020**

**BJL2C02 – News Reporting and Editing**

(2019 Admission onwards)

Time: 1 ½ hours Max. Marks : 40

**Section A**

**All questions may be answered. Each question carries 2 marks.**

1. PTI.
2. Obituary
3. Middle piece
4. Beat
5. Soft News
6. 5 W's and 1 H
7. Banner headline

**Ceiling: 10 marks**

**Section B**

**All questions may be answered. Each question carries5 marks.**

8. Explain Inverted Pyramid structure
9. What are the duties of a News Editor?
10. Write a short note on Feature stories.
11. Explain the principles of design.
12. Write a profile of any of the following
    a) Deepika Padukone
    b) Sanju Samson
    c) Tovino Thomas
    d) P V Sindhu
    e) Abhijith Banerjee

**Ceiling: 20 marks**

**Section C (essay)**

**Answer any one of the following question.**

13. Define head or intro. Explain any 10 intros used in newspapers with examples.
14. What is editorial? Explain the major types of editorials.

**(1 x10=10 marks)**

32

2M20078 (Pages : 1) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, March/April 2020**

**BML2C02 – Kerala Padanam : Madhyakala Keralam**

(2019 Admission onwards)

Time: 1½ hours Max. Marks : 40

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

ഉദയം പേരൂർ സുന്നഹദോസ് നടന്ന വർഷം?

മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥം?

കൃഷ്ണഗാഥയിലെ പ്രധാന വൃത്തം?

അതുലൻ രചിച്ച സംസ്കൃത മഹാകാവ്യം?

മലയാളത്തിലെ ആദ്യ സന്ദേശകാവ്യം?

'കൊച്ചിരാജ്യചരിത്രം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?

**(6 x 2 = 12. പരമാവധി 10 മാർക്ക്)**

**താഴെ പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക**

കൂത്തും കൂടിയാട്ടവും

മണിപ്രവാളം

മാമാങ്കം

രേവതിപട്ടത്താനം

സ്മാർത്തവിചാരം

ദേവദാസി സമ്പ്രദായം

**(6 X 4=24. പരമാവധി 20 മാർക്ക്)**

I **ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

കുഞ്ഞാലി മരയ്ക്കാർമാർക്ക് കേരളചരിത്രത്തിലുള്ള സ്ഥാനമെന്തെന്ന് നിരീക്ഷിക്കുക.

പാട്ട്, മണിപ്രവാളം എന്നീ സാഹിത്യപ്രസ്ഥാനങ്ങളുടെ ഭാഷാപരമായ സവിശേഷതകൾ പരിചയപ്പെടുത്തുക.

**(1 X 10=10 മാർക്ക്)**

33

2M20077 (Pages : 2) Reg. No:..........................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA Degree Examination, March/April 2020**

**BML2B02 – Katha Sahithyam**

(2019 Admission onwards)

me: 2 ½ hours Max. Marks : 80

## SECTION A

ന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക്‌വീതമുള്ള പതിനഞ്ച് ചോദ്യങ്ങൾ

(പരമാവധി 25 മാർക്ക്)

1. 'ഇറച്ചിയേറ്' എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?
2. 'അതുമതി, ഈശ്വരാ, എനിക്കീ ഭാഗ്യങ്ങളൊക്കെ മതി' - ഏത കഥയിൽ ഏത് കഥാപാത്രമാണിങ്ങനെ പറഞ്ഞത്?
3. പവിത്രയുടെയും അനൂപിന്റെയും വിവാഹം വീട്ടിൽവെച്ചു നടത്തിയതിന്റെ കാരണമെന്താണ്?
4. 'ക്ഷമിക്കണം ജോലിത്തിരക്കുകെണ്ടെല്ലാം താമസിച്ചു പോയി, ഇരിക്കണം' - സന്ദർഭം ഏതെന്ന് സൂചിപ്പിക്കുക.
5. പുഴയുടെ തണുപ്പറിഞ്ഞപ്പോൾ ഉണ്ണിക്കൃഷ്ണൻ പ്രതികരിച്ചതെപ്രകാരമാണ്?
6. ആത്മഹത്യയെപറ്റി 'പ്രേതഭാഷണം' എന്ന കഥയിലെ പ്രേതം ചിന്തിച്ചുതുടങ്ങിയതെപ്പോൾ?
7. ജനിക്കാൻ പോകുന്ന കുഞ്ഞിനെ കുറിച്ച്ഇട്ട്യാതിക്കുള്ള പ്രതീക്ഷകളെന്തൊക്കെയായിരുന്നു?
8. 'ജന്മദിന'ത്തിലെ കഥാനായകൻ ആത്മഹത്യ ചെയ്യാൻ ആലോചിച്ചത് ഏതുസാഹചര്യത്തിന്റെ സമ്മർദ്ദത്തിലാണ്?
9. രേവതിയുടെ രോഗത്തിന് കാരണമായി പണിക്കർകവടി നിരത്തി കണ്ടെത്തിയതെന്താണ്?
10. 'എനിക്കുമാത്രം ഇതൊന്നും മറക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്' - സന്ദർഭം ഏത്?
11. തന്നെ സ്റ്റേഷനിൽ വിട്ടോടിപ്പോയ തീവണ്ടിയോട് 'പ്രഭാതംമുതൽ പ്രഭാതംവരെ' എന്ന കഥയിലെ നായകൻ ആവശ്യപ്പെട്ടതെന്തൊക്കെയാണ്?
12. ഈ നിലാവിനു പ്രത്യേകമായൊരു പ്രഭയുള്ളതുപോലെ തോന്നുന്നുവെന്നും അതിനു ചേരയുടെ നിറമാണെന്നും മഖൻസിങ്ങ് അഭിപ്രായപ്പെട്ടതിന്റെ സാംഗത്യം എന്ത്?
13. പേറും പിറപ്പും ഇല്ലാതിരിക്കയാണ് നന്നെന്നു നീലി ചിന്തിച്ചതെന്തുകൊണ്ടാണ്?
14. വെയിലും മഴയും മുന്നിൽ വരുന്ന ചില ദിവസങ്ങളിൽ വനവാസി ജനത കാണാറുള്ള അദ്ഭുത ദൃശ്യം എന്ത്?
15. 'എടാമിടുക്കാ, നീ ബഷീറിനെ വായിച്ചിട്ടുണ്ടോ' - സന്ദർഭ ംഏത്?

**15x2=30** (പരമാവധി മാർക്ക് 25)

## SECTION B

II.ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക അഞ്ച് മാർക്ക് വീതമുള്ള എട്ട് ചോദ്യങ്ങൾ

(പരമാവധി മാർക്ക് 35)

16. 'നിനക്കു ഭ്രാന്താണ്. നീ പറയുന്നതിന്റെ അർഥം ആർക്കും മനസ്സിലാവില്ല' - കഥാസന്ദർഭം പരിചയപ്പെടുത്തുക.

17. നാണുനായരുടെ രൂപം 'പ്രഭാതം മുതൽ പ്രഭാതം വരെ' എന്ന കഥയിലൂടെ വർണിച്ചതെപ്രകാരമാണെന്ന് വിവരിക്കുക.

18. 'ജന്മദിനം' എന്ന കഥയിൽ ആവിഷ്കൃതമായ സമുദായ ചിത്രത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

19. 'തേൻ' എന്ന കഥയുടെ രചനാപരമായ സവിശേഷതകളെന്തെല്ലാം?

20. 'ഞാനൊരു ഭീരുവാകണമെന്നാണോ നിന്റെ ആഗ്രഹം' - സന്ദർഭം വ്യക്തമാക്കുക.

21. വ്യത്യസ്തമായൊരു പ്രണയകഥയായി 'ചോലമരങ്ങൾ' മാറിത്തീരുന്നുവെന്ന് നിരൂപകലോകം അഭിപ്രായപ്പെട്ടതിന്റെ യുക്തികളെന്തെന്ന് ചൂണ്ടിക്കാട്ടുക.

22. 'മലമുകളിലെ അബ്ദുള്ള'യിലെ നായകനും നായികയും കണ്ടുമുട്ടിയ ആദ്യസന്ദർഭം കഥാകൃത്ത് അവതരിപ്പിച്ചതെങ്ങനെ?

23. മഖൻസിങ്ങിന്റെ മനസ്സിലെ നന്മയും കാരുണ്യവും പ്രകടമാവുന്ന സന്ദർഭങ്ങൾ ഏവ?

**5x8=40** (പരമാവധി മാർക്ക് 35)

## SECTION C

III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. കഥാലോകത്തെ ധീരപരീക്ഷണമാണ് 'പ്രേതഭാഷണം' - ഈ നിരീക്ഷണത്തിന് കരുത്തുപകരുന്ന ഘടകങ്ങളേതൊക്കെയാണെന്ന് നിരൂപിക്കുക.

25. ഉത്തരാധുനികഭാവുകത്വം മലയാളചെറുകഥാലോകത്ത് ചെലുത്തിയ സ്വാധീനത വിശദീകരിക്കുക.

26. സ്നേഹബന്ധങ്ങൾക്ക് പ്രാധാന്യവും പ്രസക്തിയും നഷ്ടപ്പെട്ട പുതിയകാലത്തിന്റെ നേർചിത്രീകരണമെന്ന നിലയിൽ 'തരിശുനിലം' എന്ന കഥയെ ആസ്വാദനപരമായി വിലയിരുത്തുക.

27. ഫാന്റസിയുടെ സാധ്യതകൾ സർഗാത്മകമായി ഉപയോഗപ്പെടുത്തിയ കഥയാണ് 'ദ്വാരക' - ഈ പ്രസ്താവന സമർത്ഥിക്കുക.

**(2x10=20 മാർക്ക്)**

34

2M20075 (Pages : 3) Reg. No:...........................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BCOM/BBA Degree Examination, March/April 2020**

**BML2A08(2) – Sahithya Padanam – 2**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**I.** ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

പി എം താജിന്റെ രണ്ടു നാടകങ്ങളുടെ പേരെഴുതുക

'എത്ര കൊഴുത്ത കയ്പ് കുടിച്ചുവറ്റിച്ചു നാം' - എന്തിന്?

പരശുരാമൻ നോക്കുമ്പോൾ തന്റെ നാട്ടിൽ ആളുകൾ ആഘോഷിക്കുന്നത് എന്ത്, എങ്ങനെ?

പരശുരാമൻ എവിടെ ഇരുന്നാണ് മലയാളനാടിനെ കാണുന്നത്?

എസ് പി സി തന്നെ പിന്തുടരുന്നതറിഞ്ഞ് തടിതപ്പിയ ദുഷ്യന്തൻമാഷ് എത്തിപ്പെട്ടതെവിടെ?

"നേരോ... ഹൂയിന്റപ്പാ അപ്പോഴേക്കും എന്റെ കണ്ണിന്റെ കാഴ്ച പോയാ മതിയായിരുന്നു. എനിക്കെന്തിഷ്ടമാണെന്നോ കണ്ണട വെക്കാൻ" - രാധ ഇങ്ങനെ പറയുന്നതെപ്പോൾ?

ഇ എം എസിന്റെ പ്രസംഗത്തിൽ ഒ വി വിജയന് മനസ്സിലായ ഏക വാചകം ഏതായിരുന്നു?

"ഇനി നീ എന്റെ മോളായല്ലോ കുഞ്ഞേ" - നഴ്സ് സാവിത്രി ഇങ്ങനെ പറയാൻ കാരണമെന്ത്?

ആരാണ് അയോമുഖി?

"ഒരുകണക്കിന് പുതിയ പിള്ളേരാ ശരി" എന്ന് പവിത്രൻ പറയാൻ കാരണമെന്ത്?

ഗീവറീതിന്റെ അച്ഛൻ പഴയ ബംഗ്ലാവ് ഉപയോഗിച്ചത് എന്തിനായിരുന്നു?

12 പവിത്രയുടെ വീടിന്റെ ഭിത്തിയിൽ നിന്ന് പറിച്ചെടുത്ത ഫോട്ടോയ്ക്ക് പകരം വെച്ച ഫോട്ടോ എന്തായിരുന്നു?

13 "ആ മുഹൂർത്തം എന്റെ നാടുമായി പങ്കിട്ടേ തീരൂ എന്ന് ഞാൻ തീരുമാനിച്ചു" ഒ വി വിജയൻ സൂചിപ്പിക്കുന്ന മുഹൂർത്തം ഏത്

14 ക്രിസ്തിൻ അഹ്റോന്റെ കാമുകൻ ആരായിരുന്നു. അയാളുടെ ജോലി എന്ത്?

15 "എന്നെ വേറൊരു വീട്ടിലേക്ക് കൊടുത്താൽ അമ്മമ്മ വ്യസനിക്കില്ലേ?" ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

**(2 X 15** = 30 പരമാവധി മാർക്ക് 25

## Section B

**II** .ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. ദുഷ്യന്തൻമാഷിന്റെ രാജ്യത്തെ വി കെ എൻ വിവരിക്കുന്നതങ്ങനെ?

17. 'മത്താടിക്കൊൾകഭിമാനമേ നീ' എന്ന് വള്ളത്തോൾ ആഹ്വാനം ചെയ്യാനുള്ള കാരണമെന്തെല്ലാം?

18. സഹ്യപർവതത്തിലിരുന്ന് കേരളത്തെ വീക്ഷിക്കുന്ന പരശുരാമൻ സമകാലിക കേരളത്തെ വിശകലനംചെയ്യുന്നത് എങ്ങനെയെല്ലാം?

19. കുഞ്ഞോമന നമ്പ്യാർ പഴയ ജന്മിത്തത്തിന്റെ പുതിയ ചൂഷണരൂപമാണ് - ഈ പ്രസ്താവന വിശദമാക്കുക?

20. ബംഗ്ലാവ് എന്ന കഥയിലെ പുരുഷ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് ഒരു കുറിപ്പെഴുതുക?

21 തായ്ക്കുലം എന്ന കഥയിലെ ആഖ്യാനത്തിന് കഥാകൃത്ത് ഉപയോഗിച്ച സവിശേഷമായ ഭാഷയുടെ പ്രത്യേകതകൾ പരിശോധിക്കുക?

22 തന്റെ പൂർവപ്രണയത്തെക്കുറിച്ച് ഷാരോണിലെ റോസാപ്പൂക്കൾ എന്ന കഥയിലെ നായിക പങ്കുവെക്കുന്ന ഓർമകളെന്തെല്ലാം?

23 കമലയുടെ പാവക്കുട്ടിയെ വിട്ടുകൊടുക്കാതിരിക്കാൻ ദേവകിയും ശങ്കരനും പറയുന്ന ന്യായങ്ങളെന്തെല്ലാം?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

**III** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

മഴുവിന്റെ കഥ എന്ന കവിതയിൽ, ഭാർഗവരാമന്റെ ചിന്തകളിൽ തെളിയുന്ന സ്വന്തം ജീവിതവും സമകാലിക കേരളത്തിന്റെ അവസ്ഥകളും എന്തെല്ലാം?

കടം എന്ന യാഥാർഥ്യത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങളെ രാവുണ്ണി എന്ന നാടകം തുറന്നുകാണിക്കുന്നതെങ്ങനെ?

'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ' എന്ന രചനയിൽ ഒ വി വിജൻ കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ സാധ്യതകളെയും പരിമിതികളെയും വിമർശനാത്മകമായി വിലയിരുത്തുന്നത് എങ്ങനെ?.

കടുത്ത ഹാസ്യത്തോടൊപ്പം കഠിനമായ സാമൂഹികവിമർശനവും ആണ് വി കെ എൻ ഹാസ്യത്തിന്റെ പ്രത്യേകത. ദുഷ്യന്തൻമാഷ് എന്ന കഥയുടെ പ്രത്യേകതകൾ മുൻനിറുത്തി വിശദമാക്കുക

(2X 10 = 20 മാർക്ക്)

35

1B2M20076 (Pages : 2) Reg. No:.............................

Name: ................................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BAMC/CS Degree Examination, March/April 2020**

**BML2A08(3) – Baashayum Sahithyavum – 2**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**ന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്‌വീതമുള്ള 15 ചോദ്യങ്ങൾ**

**പരമാവധി മാർക്ക് 25 മാർക്ക്**

തോട്ടം കാവൽക്കാരൻ എന്തു കാരണത്താലാണ് ചെറുകാടിനോട് ദേഷ്യപ്പെട്ടത്?

ഞാൻ ആകെ വിയർത്തു, വയറ്റിൽചെന്നതെല്ലാം ദഹിച്ചു പോയി – സന്ദർഭമെഴുതുക

പഞ്ചി ഉരിയാടിയ കഥകളിൽ നീലകണ്ഠന് സവിശേഷമായി തോന്നിയതെന്ത്?

ബാലചന്ദ്രന്റെ വാക്കുകൾ എന്റെ മനസ്സിന് കരുത്തും നിർമ്മമത്വവും പകർന്നു – എന്തായിരുന്നു വാക്കുകൾ ?

ഉപ്പേ ഉപ്പേ കാരമില്ലാത്ത ഉപ്പേ, ഞാൻ കിടക്കയിൽ മുഖമടിച്ചു കരഞ്ഞു – ആര്? എപ്പോൾ?

ഭാമവല്യമ്മയുടെ മരണ ശേഷം വല്യച്ഛൻ ആരോടാണ് ചങ്ങാത്തം കൂടിയത്?

ഇടിത്തീവീണ പോലെ സ്തംഭിച്ചു പോയ എന്നോട് തുടർന്ന് വളരെ മോശമായ നിലയിലാണ് അദ്ദേഹം പെരുമാറിയത് – ആര്? സ്തംഭിച്ചു നിൽക്കാൻ കാരണമെന്ത് ?

നിരൂപകനോട് തോന്നിയതിനെക്കാൾ അവജ്ഞവാർത്ത എത്തിച്ചയാളോടെനിക്കുതോന്നി–ലേഖികകേട്ട വാർത്ത എന്തായിരുന്നു ?

ഞാൻ മുറിച്ചു കളഞ്ഞ മുടി അവനു ഗർഭപാത്രത്തിൽ കുരുത്തതാണെന്ന അറിവ് എന്നെ വീർപ്പുമുട്ടിക്കാൻ തുടങ്ങി – സന്ദർഭം എഴുതുക

നീലകണ്ഠന്റെ ചുണ്ടിൽ വികൃതമായചിരി പരന്നു – എപ്പോൾ?

അതെ, ഞങ്ങൾ തിരിച്ച് വരവ് ആഘോഷിക്കുകയായിരുന്നു – ആര്? വിശദമാക്കുക.

എന്റെ ഭർത്താവിനെ അവർകൊന്നു. ഇവന്റെ മൂത്തവൻ ബബ്ലൂവിനെ അവർകൊന്നു. എന്നെയും കൊല്ലും എന്നാണ് അവർ പറയുന്നത് – ആരാണി പ്രകാരം പറയുന്നത്? സാഹചര്യമെന്ത്?

പതിനായിരം രൂപയക്ക് പകരം കാലികവർ മാത്രം കൊടുത്ത് നടത്തുന്ന സ്ഥലത്തെ യോഗ്യന്മാരുടെ പ്രമാണിത്തം! – ഏതു സംഭവത്തെയാണ് ലേഖകൻ സൂചിപ്പിക്കുന്നത്?

കർത്താവ് ഈ പാപിക്ക് കാണിച്ചു തന്ന വഴിയിതാണ് – ഏതായിരുന്നു വഴി?

ചെറുകാടിന്റെ തലച്ചോറിൽ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച അഭിവാഞ്ഛ എന്തായിരുന്നു?

## Section B

**II ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക്വീതമുള്ള 8 ചോദ്യങ്ങൾ**

**പരമാവധി മാർക്ക് 35**

16. വളരെ വളരെ പഴയകൗതുകമുള്ള നിസ്സാര സംഭവം - എന്ന് ആഖ്യാതാവ് വിവക്ഷിക്കുന്നത് ഏതു സംഭവമാണ്? സംക്ഷേപിക്കുക

17. ചെറുകാടിന് ജീവിതം മടുത്തുതുടങ്ങുവാനുള്ള സാഹചര്യങ്ങളെന്തായിരുന്നു?

18. കുറ്റബോധം ഇരുണ്ട വവ്വാലുകൾ പോലെഅവളുടെ മനസ്സാകെ പറന്നു നിറഞ്ഞു - ആർക്ക്? കുറ്റബോധത്തിന്റെ കാരണം വിശദമാക്കുക

19. കലീനയിലുള്ള നഴ്സിങ്ഹോമിൽ വെച്ച് പാലൂരിനുണ്ടായ അനുഭവങ്ങൾ വിവരിക്കുക

20. ഞണ്ടുകളുടെ നാട്ടിൽ നിന്നും കൈപിടിച്ചുതിരിച്ചു നടക്കാൻ ലേഖികയെ സഹായിച്ച ആശ്വാസദായകർ ആരെല്ലാം? വിശദീകരിക്കുക

21. ഗോത്രത്തുടർച്ച തകർന്നതിന്റെ ദുഃഖത്തിൽ ജഗ്ഗിതലയിൽകൈയോടിച്ചു സന്ദർഭം വ്യക്തമാക്കുക

22. ബഷീർ കൃതികളിലെങ്ങും കാണപ്പെടുന്ന മാനവിക ബോധത്തിന്റെയും പ്രത്യാശയുടെയും അകളങ്കമായ മനുഷ്യസ്നേഹത്തിന്റെയും ഉജ്ജ്വലമായ ഉദാഹരണമാണ് ഒരു മനുഷ്യൻ - വിശകലനം ചെയ്യുക

23. എല്ലാ കാഴ്ചയ്ക്കും ശബ്ദത്തിനും ഇരട്ടി ഭംഗിയും സൗകുമാര്യവും വരുന്ന രോഗാനന്തരകാലത്തെ ലേഖിക വിശദീകരിക്കുന്നതെങ്ങനെ?

## Section C

**III ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

24. പയറുവള്ളികളിൽ തൂങ്ങി നമ്മളൊക്കെ എന്ന കഥ കേരളീയ കുടുംബ വ്യവസ്ഥയുടെ സൂക്ഷ്മപരിണാമങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്- ചർച്ച ചെയ്യുക

25. പാരിസ്ഥിതികജാഗ്രതക്കു വേണ്ടിയുള്ള നിലവിളിയായി മാറുന്നുണ്ട് എൻമകജെ - ഉപന്യസിക്കുക'

26. സാമൂഹികവും ചരിത്രപരവുമായ രാഷ്ട്രീയബോധ്യങ്ങളെ പ്രകാശനം ചെയ്യുന്ന രചനകളാണ് എൻ.എസ്.മാധവന്റെകഥകൾ- വൻ മരങ്ങൾ വീഴുമ്പോൾ എന്ന കഥയെ മുൻനിർത്തി അപഗ്രഥിക്കുക

27. മലയാളിയുടെ ഗൾഫ് പ്രവാസാനുഭവങ്ങളുടെ സൂക്ഷ്മമായ ചലച്ചിത്രാവിഷ്കാരമായിത്തീരുന്നു പത്തേമാരി - ചർച്ച ചെയ്യുക.

**(2 x 10 = 20)**

36

M20074

(Pages : 3)

Reg. No:.............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester BA/B.Sc Degree Examination, March/April 2020**

**BML2A08(1) – Malayala Sahithyam -2**

(2019 Admission onwards)

Time: 2 ½ hours

Max. Marks : 80

## Section A

ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

നളിനി എന്ന കൃതിക്ക് അവതാരിക എഴുതിയത് ആര്?

ഇടപ്പള്ളി രാഘവൻപ്പിള്ളയെ അനുസ്മരിച്ചുകൊണ്ട് ചങ്ങമ്പുഴ എഴുതിയ ദുരന്തകാവ്യം ഏത്?

"അപ്പോഴും കുറിച്ചുപോലെൻ തൂലിക" - എന്താണ് അക്കിത്തത്തിന്റെ തൂലിക കുറിച്ചത്?

'ഇന്ന് പഴയപഠിപ്പ് മുടക്കുക' എന്ന് ആഹ്വാനം ചെയ്യുന്ന കവിതയേത്?

കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടനം' എന്ന കൃതിയുടെ ഉള്ളടക്കമെന്ത്?

'അഭിജ്ഞാന ശാകുന്തളം' എന്ന സംസ്കൃത നാടകം രചിച്ചതാര്?

സ്വന്തം അമ്മയെ വിവാഹംകഴിക്കേണ്ടിവന്ന ഗ്രീക് പുരാണകഥാപാത്രമാര്?

ആനന്ദാശ്രുവെയും കവിൾത്തുടുപ്പിനെയും പൂവ് എന്തായാണ് ഭാവിച്ചത്?

'പ്രസന്നമായ് ധീരമായ മുഖകാന്തിയാലവൻ' ആരെക്കുറിച്ചാണ് ഈ പ്രസ്താവന?

പൂവുകളോടും പുഴകളോടും കാറ്റിനോടും സൂതകുമാരൻ ചോദിച്ചതെന്ത്?

കാശിരാജാവിന്റെ മൂന്നു പെൺമക്കൾ ആരെല്ലാം?

അമ്മയെ കുളിപ്പിക്കുമ്പോൾ ഒടുവിൽ പകരം നൽകേണ്ടത് എന്താണ്?

സി വി രാമൻപിള്ളയുടെ നോവൽത്രയത്തിലെ ഒരു നോവലിന്റെ പേരെഴുതുക

ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട തത്വചിന്താപരമായ പ്രശ്നം ആത്മഹത്യയാണെന്ന് പറഞ്ഞതാര്?

കവിതയുടെ ജീവചരിത്രം എന്ന ഗ്രന്ഥം രചിച്ചതാര്?

(2 X 15 = 30 പരമാവധി മാർക്ക് 25)

## Section B

**II**. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. കാല്പനിക കവിതയുടെ പൊതുസ്വഭാവം വിശദമാക്കി മണിനാദം എന്ന കവിതയുടെ കാല്പനികാംശങ്ങൾ വിലയിരുത്തുക.

17. 'കണ്ടതില്ലവർ പരസ്പരം മരംകൊണ്ടു നേർവഴി മറഞ്ഞിരിക്കയാൽ' - ആരെയൊക്കെയാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്. ആ സമയത്ത് അവരുടെ അവസ്ഥ എന്തായിരുന്നു?

18. "തേങ്ങിത്തേങ്ങിക്കരയാൻ മോഹിച്ചിട്ടും ഊറിഞാൻ ചിരിക്കുന്നു" - കവിതയുടെയും ജീവിതത്തിന്റെയും ഇടയിൽ കവി അനുഭവിക്കുന്ന ഈ പ്രതിസന്ധിയെ അക്കിത്തം ചിത്രീകരിക്കുന്നതെങ്ങനെ?

19. സൂര്യകാന്തിയുടെ സൂര്യനോടുള്ള പ്രണയം ദിവ്യശക്തിയെ പ്രണയിക്കുന്ന സ്ത്രീഹൃദയത്തെ തുറന്നുകാണിക്കുന്നു - ഈ പ്രസ്താവനയെ വിമർശനാത്മകമായി പരിശോധിക്കുക

20. "കുതിരത്തലയിൽ കൊമ്പുകൾകണ്ടവരാർത്തുവിളിച്ചു - അത്ഭുതമാഹാ" എങ്ങനെയാണ് കുതിരക്ക് കൊമ്പുണ്ടായത്?. ഈ കവിത മനുഷ്യന്റെ നിരർഥകമായ അന്വേഷണങ്ങളെയും പരിഹാരങ്ങളെയും പരിഹസിക്കുന്നതെങ്ങനെ?

21 പഴയ കാവ്യപാഠങ്ങളിൽ നിന്ന് മാറി പുതിയ കാവ്യഭാഷ രചിക്കാനുള്ള ആഹ്വാനമാണ് പുത്തൻചൊല്ല് എന്ന കവിത - വിശദീകരിക്കുക

22 അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിതക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

23 ഇടപ്പള്ളിയുടെ 'മണിമുഴക്കം' എന്ന കവിതയിൽ കെ പി അപ്പൻ കണ്ടെത്തുന്ന, മരണത്തിന്റെ സൗന്ദര്യമെന്തെല്ലാം?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

മഹാഭാരതത്തിലെ അംബ എന്ന കഥാപാത്രത്തിന്റെ ജീവിതസന്ദർഭങ്ങളിലൂടെ സഞ്ചരിക്കുന്ന കുട്ടികൃഷ്ണമാരാർ അവതരിപ്പിക്കുന്ന നിരീക്ഷണങ്ങളെന്തെല്ലാം?

ദുഷ്യന്തൻ എന്ന കഥാപാത്രത്തിന്റെ ചിത്രീകരണത്തിൽ കാളിദാസനു പോലും സ്വന്തം കാലത്തിന്റെ ധാരണകളിൽനിന്ന് ഒഴിഞ്ഞുമാറാനായിട്ടില്ലെന്ന് ജോസഫ് മുണ്ടശ്ശേരി സമർഥിക്കുന്നതെങ്ങനെ?

സമൂഹവും സാഹിത്യവും എന്നും സ്ത്രീയെ നിത്യയും നിശ്ശബ്ദയുമാക്കാനാണ് ആഗ്രഹിച്ചത് - കല്പറ്റനാരായണൻ അവതരിപ്പിക്കുന്ന സ്ത്രീപക്ഷചിന്തകൾ എന്തെല്ലാം?

മലയാളത്തിലെ നോവൽ എന്ന സാഹിത്യരൂപം കേരളസമൂഹത്തെ അഭിമുഖീകരിച്ചത് എങ്ങിനെയെല്ലാം- പി കെ രാജശേഖരന്റെ നിരീക്ഷണങ്ങളെ ക്രോഡീകരിക്കുക

(2X 10 = 20 മാർക്ക്)